QP CODE: 21100959

21100959

Reg No : .....................

Name : .....................

# B.A DEGREE (CBCS) EXAMINATION, MARCH 2021

## Fourth Semester

## Core Course - ML4CRT04 - കേരളസംസ്കാരം -ഉത്തരഘട്ടം

(Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing )

2017 Admission onwards

02BD7CC7

Time: 3 Hours Max. Marks : 80

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *2* മാർക്ക് വീതം.

1. ഡച്ചുകാർ കേരളത്തിനു നല്കിയ സംഭാവനകൾ എന്തെല്ലാം?
2. നാടുവാഴിത്തം- കുറിപ്പെഴുതുക.
3. മധ്യവർഗ്ഗത്തിന്റെ രംഗപ്രവേശം - കുറിപ്പെഴുതുക.
4. നവോത്ഥാനപൂർവ്വകേരളം- കുറിപ്പെഴുതുക.
5. സ്വകീയസാഹിത്യം, പരകീയസാഹിത്യം- കുറിപ്പെഴുതുക.
6. വൈദേശികാധിനിവേശത്തിന്റെ ഫലമായി കേരളത്തിൽ വേരുപടർത്തിയ പുതുവൈജ്ഞാനികമേഖലകൾ പരിചയപ്പെടുത്തുക.
7. നവോത്ഥാന മുന്നേറ്റങ്ങൾ സാഹിത്യരംഗത്തുണ്ടാക്കിയ അനുരണനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
8. ഗ്രന്ഥശാലകളുടെ വളർച്ചയിൽ സ്വാതി തിരുനാളിൻറെ പങ്ക് വിശദമാക്കുക.
9. മലയാളത്തിലെ ആദ്യ പത്രമാസികയെ പരിചയപ്പെടുത്തുക.
10. വിദ്യാഭ്യാസബില്ല്- കുറിപ്പ് തയ്യാറാക്കുക.
11. പുരോഗമനകലാ സാഹിത്യസംഘടനയെക്കുറിച്ച് ആമുഖം തയ്യാറാക്കുക.
12. ആഗോളവത്കരണത്തിൻറെ സാമൂഹികപശ്ചാത്തലം വിവരിക്കുക.

(10×2=20)

### പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *5* മാർക്ക് വീതം.

13. കേരളത്തിന്റെ സാമ്പത്തികപുരോഗതിയിൽ ബ്രിട്ടീഷ് ഭരണപരിഷ്കാരങ്ങൾക്കുള്ള പങ്ക് വിശകലനം ചെയ്യുക

14. ചാന്നാർ കലാപത്തിന്റെ പ്രസക്തി പരിശോധിക്കുക

15. കേരളീയ സമൂഹത്തിന്റെ വ്യത്യസ്തമേഖലകളെ ക്രിയാത്മകമായി നവീകരിക്കാൻ തിരുവിതാംകൂർ ഭരണാധികാരികൾക്കു കഴിഞ്ഞു. ഈ പ്രസ്താവനയുടെ സാംഗത്യം ചർച്ച ചെയ്യുക

16. കീഴാളനവോത്ഥാനത്തിന്റെ പരിമിതികൾ വിശകലനം ചെയ്യുക.

17. കേരളത്തിൽ നടന്ന സഞ്ചാരസ്വാതന്ത്ര്യ സമരചരിത്രം ചുരുക്കിയെഴുതുക.

18. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻറെ രൂപീകരണത്തിനു വഴിയൊരുക്കിയ ജനകീയമുന്നേറ്റത്തെ പരിചയപ്പെടുത്തുക.

19. മലബാർ കലാപത്തെ കർഷകസമരം എന്ന് വിശേഷിപ്പിക്കാനാവുമോ? ചർച്ച ചെയ്യുക.

20. കേരളമോഡൽ വികസനത്തെ വിമർശനാത്മകമായി വിലയിരുത്തുക.

21. സാമൂഹിക പുരോഗതിയിൽ ഉത്തരാധുനിക മാധ്യമങ്ങൾ അനുഷ്ഠിക്കുന്ന ധർമ്മം വിലയിരുത്തുക.

(6×5=30)

**പാർട്ട് സി**

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ***15*** മാർക്ക് വീതം.

22. കേരളസമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്ക് മിഷനറിമാർ നല്കിയ സംഭാവനകളെപ്പറ്റി ഉപന്യസിക്കുക

23. കേരളത്തിലെ അയിത്തോച്ചാടനമുന്നേറ്റങ്ങളുടെ അനന്തരഫലം എന്ന് ക്ഷേത്രപ്രവേശനവിളംബരത്തെ വിശേഷിപ്പിക്കാനാവുമോ? വിശകലനം ചെയ്യുക.

24. കേരളസംസ്ഥാന രൂപീകരണചരിത്രം വിവരിക്കുക.

25. കേരളത്തിൻറെ സാമൂഹിക-സാമ്പത്തിക ഘടന പുനർനിർണ്ണയിക്കുന്നതിൽ ഗൾഫ് കുടിയേറ്റം ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

(2×15=30)